| Article Date | Headline / Summary | Publication |
|---|---|---|
| 07 Jun 2026 | How to reduce car insurance premium | Malayala Manorama (Malayalam) |

# വാഹന ഇൻഷുറൻസ് പ്രീമിയം എങ്ങനെ കുറയ്ക്കാം; പരിരക്ഷ നഷ്ടപ്പെടാതെ

രാകേഷ് കുമാർ
(ചീഫ് വിസ്റ്റിങ്ങ്ലൂക്കർ ഓഫീസർ- നീവ്വേയിൽ ലിമിറ്റഡ്, ബജാജ് ജനറൽ ഇൻഷുറൻസ്)

മോട്ടർ വാഹന നിയമം 1988 പ്രകാരം, റോഡിൽ ഇറങ്ങുന്ന ഓരോ വാഹനത്തിനും ഇൻഷുറൻസ് വുമ്പേറ്റി ആൻഡ് ഡവലപ്മെന്റ് അതോറിറ്റി ഓഫ് ഇന്ത്യ (ഐആർഡിഎഐ) നിയന്ത്രിക്കുന്ന പ്രീമിയങ്ങൾ ഉള്ള തേർഡ്-പാർട്ടി ഇൻഷുറൻസ് നിർബന്ധമാണ്. അപകടങ്ങൾ, മോഷണം, തീപിടിത്തം അല്ലെങ്കിൽ പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ റിസ്കുകളിൽ നിന്ന് വിപുലമായ സംരക്ഷണത്തിന്, വാഹന ഉടമകൾക്ക് ഓൺ ഡാമേജ് കവർ (own damage) തിരഞ്ഞെടുക്കാം.

ഓൺ ഡാമേജ് പോളിസി ഫലപ്രദമായി എങ്ങനെ തിരഞ്ഞെടുക്കാം, ഉപയോഗിക്കാം എന്നു നോക്കാം.

## 1 അനുയോജ്യമായ ഇൻഷേഡ് ഡിക്ലയേഡ് മൂല്യം (IDV- Insured Declared Value)

മൊത്തത്തിലുള്ള തകരാർ അല്ലെങ്കിൽ മോഷണം സംഭവിക്കുന്ന സാഹചര്യത്തിൽ ഇൻഷുറൻസ് കമ്പനി നൽകുന്ന പരമാവധി തുകയാണ് ഐഡിവി. ബ്രാൻഡ്, മോഡൽ, പഴക്കം, ഡിപ്രീസിയേഷൻ എന്നിവ പരിഗണിച്ച് വാഹനത്തിന്റെ നിലവിലെ മാർക്കറ്റ് മൂല്യത്തെ അടിസ്ഥാനമാക്കിയാണ് ഇത് നിർണയിക്കുന്നത്. 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള വാഹനങ്ങൾക്ക്, നിങ്ങളും ഇൻഷുററും തമ്മിൽ അത് ചർച്ച ചെയ്ത് തീരുമാനിക്കാനാകും.

അനാവശ്യമായി ഉയർന്ന ഐഡിവി നിശ്ചയിച്ചാൽ അത് ഉയർന്ന പ്രീമിയത്തിന് കാരണമാകും. അതേസമയം കുറഞ്ഞ ഐഡിവി നഷ്ടപരിഹാരം അപര്യാപ്തമാവും.

## 2 പേ ആസ് യു കൺസ്യൂം (PAYC- Pay as you consume)

പിഎവൈസി എന്നത് ഒരു ആഡ്-ഓൺ ആണ്, അതിൽ നിങ്ങളുടെ പ്രീമിയം നിങ്ങൾ ഓടിക്കുന്ന കിലോമീറ്ററുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും. കുറച്ച് തവണ മാത്രമാണ് ഓടിക്കുന്നതെങ്കിൽ ഇത് അനുയോജ്യമാണ്. നിങ്ങൾ ഒരു വർഷത്തേക്കുള്ള കിലോമീറ്റർ പരിരക്ഷ തിരഞ്ഞെടുത്ത്, അതനുസരിച്ച് പണമടയ്ക്കുന്നു.

കൂടുതൽ ആവശ്യമുണ്ടെങ്കിൽ, അധിക പ്രീമിയം അടച്ച് അധിക കിലോമീറ്റർ നേടാം. ചില ഇൻഷുറർമാർ ഉപയോഗിക്കാത്ത കിലോമീറ്റർ അടുത്ത വർഷത്തെ ഉപയോഗത്തിനായി മാറ്റാൻ അനുവദിക്കും. ഇത് പ്രീമിയം പിന്നെയും കുറയ്ക്കും. പക്ഷേ തീർന്നാൽ ഗ്രേസ് കിലോമീറ്റർ ഓഫർ ചെയ്യും.

## 3 റീഹർബിഷ്ഡ് പാർട്സ് ആഡ്-ഓൺ (Refurbished Parts Add-on):

കുറഞ്ഞത് 5 വർഷം പഴക്കമുള്ള വാഹനങ്ങൾക്ക് അനുയോജ്യമായ ഈ ആഡ്-ഓൺ കേടായ പാർട്സുകൾ പുതുക്കിയ പാർട്സുകൾ ഉപയോഗിച്ച് റിപ്ലേസ് ചെയ്യുന്നു. ഇത് റിപ്പയർ ചെലവുകളും നിങ്ങളുടെ ഇൻഷുറൻസ് പ്രീമിയവും ഗണ്യമായി കുറയ്ക്കുന്നു. അധിക ആനുകൂല്യങ്ങളിൽ നിർബന്ധിത കിഴിവിലെ ഇളവ്, റിപ്ലേസ് ചെയ്ത പാർട്സുകളിൽ ഡിപ്രീസിയേഷൻ ഈടാക്കില്ല, സേവന നാരോവി നൽകുന്ന കാർ പിക്കപ്പ്, ഡ്രോപ്പ്-ഓഫ് സൗകര്യം, തിപ്പയുകളിൽ 12-മാസം അല്ലെങ്കിൽ 12,000-കിലോമീറ്റർ വാറന്റി(ആദ്യം വരുന്നത്) എന്നിവ ഉൾപ്പെടുന്നു.

## 4 നെയിമ്ഡ് ഡ്രൈവർ ആഡ്-ഓൺ (Named Driver Add-on)

പരമ്പരാഗത പോളിസിയിൽ, അപകടം സംഭവിച്ചാൽ ഇൻഷുർ ചെയ്ത വാഹനം ഓടിച്ച ഏത് വ്യക്തിക്കും പരിരക്ഷ ലഭിക്കും. എന്നാൽ ഈ ആഡ്-ഓൺ പ്രകാരം പേര് നൽകിയിട്ടുള്ള ഡ്രൈവർമാർക്ക് മാത്രമേ പരിരക്ഷ ലഭിക്കുകയുള്ളൂ. ഇത് ഇൻഷുറർക്കുള്ള റിസ്ക് കുറയ്ക്കുകയും അതിലൂടെ നിങ്ങളുടെ പ്രീമിയം കുറയ്ക്കുകയും ചെയ്യുന്നു. നിങ്ങളുടെ വാഹനം ഓടിക്കുന്നത് ചുരുക്കം ചിലർ മാത്രമാണെങ്കിൽ, ഈ ആഡ്-ഓൺ പരിഗണിക്കാവുന്നതാണ്.

## 5 ബണ്ടിൾഡ് ആഡ്-ഓൺ ഓപ്ഷൻ (Bundled Add-on):

സാധാരണ പരിരക്ഷകൾ സംയോജിപ്പിക്കുന്ന ബണ്ടിൾഡ് ആഡ്-ഓണുകൾ എടുക്കുമ്പോൾ അവ ഓരോന്നായി എടുക്കുന്നതിനേക്കാൾ ചെലവ് കുറയും. എല്ലാ ആഡ്-ഓൺ പരിരക്ഷകളും ഡിഫോൾട്ടായി ഉൾപ്പെടുന്നു, ഇവിടെ, ഹൈബ്രിഡ് വാഹനങ്ങൾക്കുള്ള ബാറ്ററി സംരക്ഷണം ഉൾപ്പെടെ.

## 6 ചെറിയ ക്ലെയിമുകൾ ഒഴിവാക്കൽ:

നിങ്ങൾ ഒരു ക്ലെയിം ഫയൽ ചെയ്യുമ്പോൾ, ഇൻഷുറർ റെക്കോർഡ് സൂക്ഷിക്കുകയും ഇൻഷുറൻസ് ഇൻഫർമേഷൻ ബ്യൂറോയിൽ (ഐഐബി) രേഖപ്പെടുത്തുകയും ചെയ്യുന്നു. അത് നിങ്ങളുടെ ഇൻഷുറൻസ് ഹിസ്റ്ററി ട്രാക്ക് ചെയ്യുകയും സ്വിമിൽ സ്കോറിന് സമാനമായ റിസ്ക് പ്രൊഫൈൽ കൂട്ടുകയും ചെയ്യുന്നു. ചെറിയ ക്ലെയിം ഫയൽ ചെയ്താലും നിങ്ങളുടെ നോ ക്ലെയിം ബോണസ് എടുക്കും. നിങ്ങൾ ഇൻഷുററെ മാറ്റിയാൽ അവർക്കും ഈ ഹിസ്റ്ററി റിവ്യൂ ചെയ്യാൻ കഴിയും.

നിങ്ങളുടെ നോ ക്ലെയിം ബോണസ് സംരക്ഷിക്കുന്നതിനും അനുകൂലമായ റെക്കോർഡ് നിലനിർത്തുന്നതിനും ചെറിയ ക്ലെയിമുകൾ ഒഴിവാക്കുന്നത് നല്ലതാണ്, ഇത് കുറഞ്ഞ പ്രീമിയങ്ങൾ നേടാൻ സഹായിക്കുന്നു.

## 7 മൾട്ടിൾ-വെഹിക്കിൾ ഇൻഷുറൻസ്:

നിങ്ങൾക്ക് പല വാഹനങ്ങൾ ഉണ്ടെങ്കിൽ, അവ ഒരേസമയം ഇൻഷുർ ചെയ്ത് ഡിസ്കൗണ്ട് നേടാം. ഇൻഷുറർക്ക് അഡ്മിനിസ്ട്രേറ്റീവ് ചെലവ് കുറവായിരിക്കും.